# പതിമൂന്നാം കേരള നിയമ സഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 569   06.03.2012- ൽ മറുപടിക്ക്**

**ഉദുമ ടെക്സ്റ്റയിൽസ് മിൽസ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.കുഞ്ഞിരാമൻ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| എ) | കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥാപിച്ച ഉദുമ ടെക്സ്റ്റയിൽ മിൽസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ; | (ബി) | മില്ലിലേയ്ക്കാവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയാക്കി മിൽ ഉടനെ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ 14(പതിനാല്) ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ക്യാൻസൽ ചെയ്യാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ; | (ഡി ഇ & എഫ്) | ജീവനക്കാരെ നിയമിക്കുന്നതിന് നേരത്തെ നടത്തിയ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങളിലും നിയമനങ്ങൾക്കായി നടത്തിയ നടപടിക്രമങ്ങളിലും ക്രമക്കേടുകൾ ആരോപിച്ച്കൊണ്ട് ബഹു. ഹൈക്കോടതിയിൽ നിരവധി കേസുകൾ നിലവിലുള്ളതിനാൽ ഈ സർക്കാർ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 1.1.2011 തീയതിയിലെ ജി.ഒ(എം.എസ്)നം.1/2011/വ്യവ പ്രകാരം സ്വീകരിച്ച നടപടി ക്രമങ്ങളും തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളും നിർത്തലാക്കാൻ 2.12.2011 തീയതിയിലെ ജി.ഒ (എം.എസ്)നം.223/2011/ വ്യവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത റാങ്ക് ലിസ്റ്റ് സംബന്ധിച്ച്, ആരുടെയെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ റാങ്ക് ലിസ്റ്റ് ക്യാൻസൽ ചെയ്തിരിക്കുന്നത്; | | |
| (എഫ്) | എങ്കിൽ ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് ക്യാൻസൽ ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (ജി) | കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിച്ച മിൽസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാവും എന്ന് വിശദമാക്കുമോ? | (ജി) | ആവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം -1

Details of appointments made

| Sl. No. | Name of post | No. | Name of Mills |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | General Manager | 1 | Uduma Textile Mills (Resigned) |
| 2 | Asst. Manager (Maintenance) | 1 | “ (Removed) |
| 3 | Asst. Manager (Quality) | 1 | “ |
| 4 | Jr. Manager (Project Magmt.) | 1 | “ |
| 5 | Jr. Manager (Accts.) | 1 | “ (Resigned) |
| 6 | Jr. Manager (Comml.) | 1 | “ |
| 7 | Jr. Manager ( HR) | 1 | “ |
| 8 | Electrical Supervisor | 1 | “ |
| 9 | Shift I/C | 2 | “ |
| 10 | Electrician | 1 | “ |
| 11 | Fitter | 3 | “ |
| | Total | 14 | |

സെക്ഷൻ ഓഫീസർ